കൂടാതെ പതിനെട്ടു വയസ്സിൽ താഴെയുള്ള കുട്ടികളെ ഉപയോഗപ്പെടുത്തി പുകയില ഉത്പന്നങ്ങൾ വിൽക്കുന്നതും ശിക്ഷാർഹമാണ്.



വിൽപ്പനയിൽ ഏർപ്പെടുന്ന കുട്ടികളുടെ മാതാപിതാക്കളും കട ഉടമയും ശിക്ഷയ്ക്ക് വിധേയരാകുന്നതാണ്.




KERALA VOLUNTARY HEALTH SERVICES
Collectorate P.O. Mullakuzhy, Kottayam-2
Ph. 0481 257 2781, 257 3875
E-mail: keralavhs@gyahoo.co.in
www.keralvhs.com, www.kuns.rctfl.org

Supported by:-
International Union Against Tuberculosis and Lung Disease
Health solutions for the poor

## ഇന്ത്യൻ പുകയില നിയന്ത്രണ നിയമം 2003

# CIGARETTES AND OTHER TOBACCO PRODUCTS

(PROHIBITION OF ADVERTISEMENT AND REGULATION
OF TRADE AND COMMERCE, PRODUCTION, SUPPLY AND
DISTIBUTION) ACT, 2003 (COTPA) NO: 34 OF 2003 (18TH MAY 2003)

# SECTION 6

## PROHIBITION OF SALE OF TOBACCO PRODUCTS TO MINORS
## പ്രായപൂർത്തിയാകാത്ത വ്യക്തിക്ക് പുകയില ഉത്പന്നങ്ങൾ വിൽക്കുന്നതിലുള്ള നിരോധനം



ഇന്ത്യൻ പുകയില നിയന്ത്രണ നിയമം സെക്ഷൻ 6 പ്രകാരം പ്രായപൂർത്തിയാകാത്ത വ്യക്തിക്ക് (18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക്) പുകയില ഉത്പന്നങ്ങൾ വിൽക്കാൻ പാടുള്ളതല്ല. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നൂറ് വാര ചുറ്റളവിൽ എല്ലാ വിധ പുകയില ഉത്പന്നങ്ങളുടെ വില്പനയും, പ്രദർശനവും കർശനമായി നിരോധിച്ചിട്ടുണ്ട്. നിയമം ലംഘിക്കുന്നവരിൽ നിന്നും 200 രൂപ പിഴ ഈടാക്കാവുന്നതാണ്.






(ബോർഡ് 1) 60x30cm

പുകയില വാങ്ങാൻ വരുന്ന വ്യക്തിക്ക് പ്രായപൂർത്തിയായി എന്ന് ഉറപ്പു വരുത്തേണ്ടത് വിൽക്കുന്ന ആളാണ്. കൂടാതെ പുകയില ഉത്പന്നങ്ങൾ വിൽക്കുന്ന കടകളിലും / സ്ഥാനങ്ങളിലും '18 വയസ്സിൽ താഴെയുള്ള വ്യക്തികൾക്ക് പുകയില ഉത്പന്നങ്ങൾ വിൽക്കുന്നത് ശിക്ഷാർഹമാണ്' എന്ന് രേഖപ്പെടുത്തിയ സൂചനാ ബോർഡ് (ബോർഡ്1)* അതാത് പ്രദേശത്ത് പ്രയോജനപ്പെടുന്നതായ ഭാഷയിൽ, കടയിൽ എത്തുന്നവർക്ക് കാണാൻ കഴിയുന്ന വിധം സ്ഥാപിക്കേണ്ടതാണ്.

വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നൂറ് വാര ചുറ്റളവിൽ എല്ലാ വിധ പുകയില ഉത്പന്നങ്ങളുടേയും വിൽപ്പനയും, വിതരണവും പ്രദർശനവും നിരോധിച്ചിരിക്കുന്നു എന്ന് ഇംഗ്ലീഷിലും, പ്രാദേശിക ഭാഷയിലും രേഖപ്പെടുത്തിയ ബോർഡ് (ബോർഡ്2)* പൊതുജനങ്ങൾക്ക് കാണത്തക്കവിധം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രധാന കവാടത്തിൽ സ്ഥാപിക്കാൻ സ്ഥാപനമേധാവികൾ ബാധ്യസ്ഥരാണ്.



> വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നൂറ് വാര ചുറ്റളവിൽ എല്ലാ വിധ പുകയില ഉത്പന്നങ്ങളുടേയും വിൽപ്പനയും, വിതരണവും, പ്രദർശനവും നിരോധിച്ചിരിക്കുന്നു. നിയമം ലംഘിക്കുന്നത് 200 രൂപ വരെ പിഴ ഈടാക്കാവുന്ന കുറ്റമാണ്
>
> 60x30cm

(ബോർഡ് 2)

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നൂറ് വാര ചുറ്റളവ് എന്നത് സ്ഥാപനങ്ങളുടെ ചുറ്റുമതിലിൽ നിന്നും ( ചുറ്റോടു ചുറ്റും) കണക്കാക്കേണ്ടതാണ്.

യാതൊരു പുകയില ഉത്പന്നങ്ങളും വെൻഡിംഗ് മെഷീനിൽ കൂടെ വിൽക്കാൻ പാടില്ല.